പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3754 11.12.2018-ലെ മറുപടിക്ക്

## പത്തനംതിട്ട കെ.എസ്.ആർ.ടി.സി. സമുച്ചയനിർമ്മാണം

ചോദ്യം

ശ്രീമതി.വീണാ ജോർജ്ജ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട കെ.എസ്.ആർ. ടി.സി. സമുച്ചയനിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്; എത്ര രൂപയ്ക്കാണ് (ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ)ഭരണാനുമതി ലഭിച്ചത് എന്നറിയിക്കാമോ; | (എ) | സിവിൽ പണികൾക്ക് വേണ്ടിയുള്ള 6 കോടി രൂപയുടെ എസ്റ്റിമേറ്റിന് കെ.എസ്.ആർ. ടി.സി ഭരണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ, ബഹു. മുൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2.17 കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതുവരെ എത്ര തുക കരാറുകാരന് നൽകിയിട്ടുണ്ട്; പണിപൂർത്തിയാക്കിയതിന്റെ ബിൽ ഇനി എത്ര രൂപ മാറാനുണ്ട്; | (ബി) | ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി മൂന്ന് പാർട്ട് ബില്ലുകളിലായി 2,77,01,122/- രൂപയും എം.എൽ.എ ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിയ്ക്കായി 1,67,22,438/- രൂപയും നൽകിയിട്ടുണ്ട്. നാലാമത്തെ ബിൽ ലഭ്യമായിട്ടില്ല. |
| (സി) | കടകൾ ലേലം ചെയ്ത ഇനത്തിൽ എത്ര തുക കെ.എസ്.ആർ.ടി. സി.യ്ക്ക് ലഭിച്ചിട്ടുണ്ട്; | (സി) | 2,39,45,500/- രൂപ (രണ്ട് കോടി മുപ്പത്തൊമ്പത് ലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ) |
| (ഡി) | എത്ര കടകൾ ലേലം ചെയ്തിട്ടുണ്ട്; എത്ര കടമുറികൾ ഇനി ലേലം ചെയ്യാനുണ്ട്; | (ഡി) | ലേലം ചെയ്ത കടകൾ - 15<br>ലേലം ചെയ്യാത്തവ - 27 |
| (ഇ) | നിലവിൽ പണിയുന്ന കെട്ടിടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ രാത്രികാലങ്ങളിൽ തങ്ങുവാൻ പ്രത്യേക ലോഞ്ച് ഉണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്.<br>എം.എൽ.എ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ പ്രത്യേക ലോഞ്ച് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ